തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

Break the chain

### സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - 2021-22 അദ്ധ്യയനവർഷത്തിൽ ക്ലാസുകൾ ആരംഭിക്കേണ്ടത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഭരണവിഭാഗം

**നമ്പർ: 698/എ1/2020/അഡ്മിൻ** **തീയതി: തിരൂർ, 31-05-2021**

---

പരാമർശം: ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.05.2021 ന് ചേർന്ന യോഗത്തിന്റ നടപടികുറിപ്പ്

**ഉത്തരവ്**

പരാമർശ നടപടിക്കുറിപ്പുപ്രകാരം ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2021-22 അദ്ധ്യയന വർഷത്തേക്കുള്ള ക്ലാസുകൾ 2021 ജൂൺ 1 ന് തന്നെ ആരംഭിക്കുവാൻ തീരുമാനിക്കുകയുണ്ടായി. സർവകലാശാലപഠനവകുപ്പിലെ ക്ലാസുകൾ ഏതു തീയതിയിൽ ആരംഭിക്കണമെന്നത് സംബനന്ധിച്ച് അതത് സർവകലാശാലകൾ തീരുമാനം എടുക്കേണ്ടതാണെന്നും പ്രസ്തുത നടപടിക്കുറിപ്പിൽ നിർദ്ദേശിക്കുകയുണ്ടായി. നടപടിക്കുറിപ്പിലെ തീരുമാനങ്ങൾ സർവകലാശാലാ തലത്തിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2021-22 വർഷത്തെ പഠനക്ലാസുകൾ 2021 ജൂൺ 1 നു ആരംഭിക്കുന്നതാണ്.
2. ഓൺലൈൻ ക്ലാസുകൾ നടത്തേണ്ടത് രാവിലെ 9 മുതൽ 3 വരെയുള്ള സമയത്തിനുള്ളിൽ ആയിരിക്കണം.
3. എല്ലാ ദിവസവും ചുരുങ്ങിയത് 2 മണിക്കൂർ എങ്കിലും ഓൺലൈൻ ക്ലാസുകൾ ഓരോ പ്രോഗ്രാമുകൾക്കും എടുത്തിരിക്കണം. ബാക്കി സമയങ്ങളിൽ പഠനസഹായകമായ മറ്റു കാര്യങ്ങൾക്കായി അധ്യാപകർ വിനിയോഗിക്കേണ്ടതാണ്.
4. വെള്ളിയാഴ്ച ദിവസങ്ങളിൽ ക്ലാസുകൾ നിലവിൽ തുടരുന്ന രീതി തുടരാവുന്നതാണ്.
5. അധ്യാപകർ ക്ലാസ്സ് എടുത്തതിന്റെ ഒരു റിപ്പോർട്ട് സ്കൂൾ ഡയറക്ടർമാർ ആഴ്ചവസാനം രജിസ്ട്രാർക്ക് വൈസ് ചാൻസലർക്കു അയച്ചിരിക്കേണ്ടതാണ്.
6. സ്കൂൾ ഡയറക്ടർമാർ ജൂൺ 1 മുതൽ സർവകലാശാലയിൽ ഹാജരാകേണ്ടതാണ്.

ഡോ. ഷൈജൻ ഡി.
രജിസ്ട്രാർ

പകർപ്പ്:
വി.സി. കാര്യാലയം / ഫിനാൻസ് വിഭാഗം/ പരീക്ഷാ വിഭാഗം
സ്കൂൾ ഡയറക്ടർമാർ / ലൈബ്രറി / പി.ആർ.ഒ / പ്രസിദ്ധീകരണ വിഭാഗം
ജെ.ഡി, കെ.എസ്.എ.എഡി, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഓഫീസ് രേഖ / കരുതൽ രേഖ / വെബ്സൈറ്റ്